## ആമുഖം:-

കൊയിലാണ്ടി താലൂക്കിലെ ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ ചേലിയ ഗ്രാമത്തിലാണ് കെ.കെ.കിടാവ് മെമ്മോറിയൽ യു.പി.സ്കൂൾ സ്ഥിതിചെയ്യുന്നത്. വിദ്യാഭ്യാസവകുപ്പിന്റെ വിഭജനപ്രകാരം ഇത് വടകര വിദ്യാഭ്യാസജില്ലയിലെ കൊയിലാണ്ടി ഉപജില്ലയിൽപ്പെടുന്നു. ബി.ആർ.സി പന്തലായനിയും സി.ആർ.സി ആന്തട്ടയുമാണ്.

## ചരിത്രം:-

വിദ്യാഭ്യാസരംഗത്തും സാമ്പത്തികരംഗത്തും പിന്നോക്കം നിന്നിരുന്ന പ്രദേശമായിരുന്നു ചേലിയ ഗ്രാമത്തിന്റെ കിഴക്കൻ ഭാഗം. ചേലിയയുടെ മറ്റ് ഭാഗങ്ങളിൽ അന്ന് 3 വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. ചേലിയ യു.പി.സ്കൂളും, ചേലിയ മാപ്പിള എൽ.പി.സ്കൂളും, തലപ്പൊയിൽ എൽ.പി.സ്കൂളും. ഇവിടുത്തെ ജനങ്ങൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് അത്രയൊന്നും ബോധവാന്മാരായിട്ടില്ലാത്തതുകൊണ്ട് അകലെയുള്ള വിദ്യാലയങ്ങളിലയച്ച് പഠിപ്പിക്കാറുണ്ടായിരുന്നില്ല. തുവ്വക്കോട് സ്കൂളിൽ അദ്ധ്യാപകനായിരുന്ന കുനിയിൽ കേളപ്പൻകിടാവിന്റേയും കെ.ദേവി അമ്മയുടെയും മകൻ വി.എം.ശ്രീധരൻ നായരായിരുന്നു സ്കൂൾ സ്ഥാപിക്കാൻ മുൻകയ്യെടുത്തത്. രാമനാട്ടുകര ബേസിക് ട്രെയിനിങ്ങ് സ്കൂളിലായിരുന്നു അദ്ദേഹം ടി.ടി.സിക്കു പഠിച്ചിരുന്നത്. അവിടുത്തെ പ്രധാനാധ്യാപകൻ പ്രമുഖ ഗാന്ധിയൻ രാധാകൃഷ്ണമേനോന്റെ നിർദ്ദേശപ്രകാരം പുതുമയാർന്ന ഒരു വിദ്യാലയം സ്ഥാപിക്കുക എന്ന ആഗ്രഹത്തോടെയായിരുന്നു ശ്രീധരൻ നായർ നാട്ടിലെത്തിയത്. 1966-ൽ കൂട്ടുകാരുടെ സഹായത്തോടെ ഗൃഹസമ്പർക്കം നടത്തുകയും കുടുംബവക കിട്ടിയ 3 ഏക്കർ ഭൂമിയിൽ അച്ഛൻ കേളപ്പൻ കിടാവിന്റെ സ്മാരകമായി കെ.കെ.കിടാവ് മെമ്മോറിയൽ എൽ.പി.സ്കൂൾ സ്ഥാപിച്ചു. അദ്ദേഹം തന്നെ ആയിരുന്നു ഹെഡ്മാസ്റ്റർ, കെ.ദേവിഅമ്മ മാനേജർ. ദരിദ്രരായ വിദ്യാർത്ഥികളെ പഠനത്തിനു പ്രോത്സാഹിപ്പിക്കാനായി ഉച്ചഭക്ഷണവും, വസ്ത്രങ്ങളും, പുസ്തകങ്ങളും, കുട, ബാഗ് തുടങ്ങി ആവശ്യമായ എല്ലാ ഉപകരണങ്ങളും സൗജന്യമായി നൽകി. ഇത് ഗ്രാമത്തിൽ പുതിയ ഉണർവ്വുണ്ടാക്കുകയും പ്രദേശത്തെ മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കാൻ കഴിയുകയും ചെയ്തു. 1983 ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യപ്പെട്ടു. പേര് കെ.കെ.കിടാവ് മെമ്മോറിയൽ യു.പി.സ്കൂൾ ചേലിയ എന്നാക്കി മാറ്റി. പഠനരംഗത്തുനൽകിയ അതേ പ്രാധാന്യം പാഠ്യേതര പ്രവർത്തനങ്ങൾക്കും നൽകാൻ അധ്യാപകർ പ്രത്യേകം ശ്രദ്ധിച്ചതുകൊണ്ട് സംസ്ഥാനതലം വരെ തുടർച്ചയായി കലാമേളകളിൽ സ്കൂളിലെ വിദ്യാർത്ഥികൾക്കു പങ്കെടുക്കാൻ കഴിഞ്ഞു. അന്ന് യു.പി.സ്കൂളിന് സംസ്ഥാനതലം വരെ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കുമായിരുന്നു. 1992 ൽ സ്കൂളിന്റെ രജതജൂബിലി ആഘോഷങ്ങൾ ഗ്രാമോത്സവമായി മാറ്റാൻ കഴിഞ്ഞു. ഏഴുദിനരാത്രങ്ങളിലായി ആയിരക്കണക്കിനാളുകൾ പങ്കെടുത്തുവെന്നതുമാത്രമല്ല സ്കൂൾ എല്ലാംകൊണ്ടും നാട്ടുകാരുടേതാക്കി മാറ്റാൻ ഈ ഉത്സവത്തിലൂടെ സാധ്യമായി.

**അടിസ്ഥാനവിവരം:-**

സ്കൂളിന്റെ പേര് :

അദ്ധ്യാപകരുടെ എണ്ണം:-

വിദ്യാർത്ഥികളുടെ എണ്ണം:-

സ്കൂളിന്റെ സ്ഥലപരിമിതി:-

**പാഠ്യേതര പ്രവർത്തനങ്ങൾ:-**

1. കലോത്സവത്തിനായുള്ള പഠന പരിശീലനങ്ങൾ
2. കായിക പരിശീലനം.
3. തണൽ എന്നപേരിൽ സ്കൂളിൽ പ്രവർത്തിക്കുന്ന പരിസ്ഥിതി ക്ലബ്ബ് ഗ്രാമത്തിലെ പ്രകൃതി സംരക്ഷണത്തിന് നേതൃത്വം കൊടുക്കുന്നു. പുഴ വീണ്ടെടുക്കൽ (പുഴസംരക്ഷണം), Good bye പ്ലാസ്റ്റിക (പ്ലാസ്റ്റിക്നിർമ്മാർജ്ജനം) നാട്ടുമാവിനെ തിരിച്ചു വിളിക്കുക, വീട്ടിലൊരു തണൽ, നാടിനൊരു തണൽ.
4. കാർഷിക ക്ലബ്ബ് - കരനെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി പ്രോത്സാഹനം, ഒരു ക്ലാസ്സിന് ഒരു തോട്ടം പദ്ധതി.
5. നാടൻ കലയുടെ പ്രോത്സാഹനം - മാർഗ്ഗംകളി, പൂരക്കളി, കോൽക്കളി എന്നിവ സ്കൂളിൽ മുൻകാലങ്ങളിൽ പഠിപ്പിച്ചിരുന്നു.